ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

**DATE: 05.12.2025** **TIME : 07.25 PM**

## പ്രധാന

1. ഭീകരതയ്ക്കെതിരായ പോരാട്ടത്തിൽ ഇന്ത്യയും റഷ്യയും ഒരുമിച്ച് പ്രവർത്തിക്കുന്നതായി പ്രധാനമന്ത്രി നരേന്ദ്ര മോദി. വിവിധ മേഖലകളിൽ ഇരു രാജ്യങ്ങളും 16 ധാരണാപത്രങ്ങൾ കൈമാറി

   **India and Russia have been standing shoulder to shoulder in the fight against terrorism. says PM Narendra Modi; 16 MoUs exchanged across various sectors.**

2. പാൻമസാല ഉത്പന്നങ്ങൾക്ക് സെസ്സ് ഏർപ്പെടുത്തിക്കൊണ്ടുള്ള ബിൽ ലോക്സഭ പാസ്സാക്കി. നടപടിക്രമങ്ങൾ പൂർത്തിയാക്കി പാർലമെന്റിന്റെ ഇരു സഭകളും ഇന്നത്തേക്ക് പിരിഞ്ഞു.

   **Lok Sabha Passes Bill Imposing Cess on Pan Masala Products; Both Houses Adjourned for the Day After Completing Procedures.**

3. ഉമീദ് പോർട്ടലിൽ അടുത്ത മൂന്ന് മാസത്തിനിടെ രജിസ്റ്റർ ചെയ്യുന്നവരിൽ നിന്നും പിഴ ഈടാക്കില്ലെന്ന് കേന്ദ്ര മന്ത്രി കിരൺ റിജിജു.

   **No penalty or action for three months for delayed registration of Waqf properties on UMEED Portal, Says Union Minister Kiren Rijiju.**

4. വിമാന സർവീസുകൾ കൂട്ടത്തോടെ റദ്ദാക്കിയതിന്റെ കാരണങ്ങൾ അവലോകനം ചെയ്യുന്നതിനായി കേന്ദ്രസർക്കാർ നാലംഗ സമിതി രൂപീകരിച്ചു. വിമാന ജീവനക്കാരുടെ ഡ്യൂട്ടി സമയത്തിലെ നിബന്ധന ഡിജിസിഎ പിൻവലിച്ചു.

   **Government constituted four member committee for the comprehensive review of the circumstances leading operational disruptions of flights. DGCA Withdraws duty-time regulation for Airline Staff**

5. **തദ്ദേശ തിരഞ്ഞെടുപ്പിന്റെ ഒന്നാംഘട്ടത്തിൽ വോട്ടെടുപ്പ് നടക്കുന്ന 7 ജില്ലകളിൽ പരസ്യപ്രചാരണം മറ്റന്നാൾ അവസാനിക്കും.**
   **Campaigning to end day after tomorrow in Seven districts ahead of phase one of local body elections**
6. **ഇന്ത്യ- ദക്ഷിണാഫ്രിക്ക ഏകദിന ക്രിക്കറ്റ് പരമ്പരയിലെ ഫൈനൽ മത്സരം നാളെ.**
   **India–South Africa ODI series decider to be played tomorrow.**

❁❁❁❁❁❁❁❁❁❁❁❁❁

**PM-PUTIN JOINT STATEMENT (INTRO)**

ഭീകരതയ്ക്കെതിരായ പോരാട്ടത്തിൽ ഇന്ത്യയും റഷ്യയും ഒരുമിച്ച് പ്രവർത്തിക്കുന്നതായി പ്രധാനമന്ത്രി നരേന്ദ്ര മോദി. ഭീകരതയ്ക്കെതിരായ ഏറ്റവും വലിയ ശക്തി ആഗോള ഐക്യമാണെന്നും പ്രധാനമന്ത്രി പറഞ്ഞു. ന്യൂഡൽഹിയിൽ നടന്ന 23-ാമത് ഇന്ത്യ-റഷ്യ വാർഷിക ഉച്ചകോടിയിൽ റഷ്യൻ പ്രസിഡന്റ് വ്ളാഡിമിർ പുടിനുമായി സംയുക്ത പത്രസമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു ശ്രീ മോദി. ഇന്ത്യ-റഷ്യ സൗഹൃദം ആഗോള വെല്ലുവിളികളെ നേരിടാനുള്ള ശക്തി നൽകുമെന്നും പ്രധാനമന്ത്രി പറഞ്ഞു.

(ഹോൾഡ് വോയ്സ്.......)

യുക്രെയ്ൻ വിഷയത്തിൽ സമാധാനപരവും ശാശ്വതവുമായ പരിഹാരത്തിനായി നടത്തുന്ന എല്ലാ ശ്രമങ്ങളെയും സ്വാഗതം ചെയ്യുന്നതായും പ്രധാനമന്ത്രി പറഞ്ഞു. സ്വതന്ത്ര വ്യാപാര കരാർ സംബന്ധിച്ച ചർച്ചകൾ എത്രയും വേഗം പൂർത്തീകരിക്കാനാണ് ഇരുരാജ്യങ്ങളും ശ്രമിക്കുന്നത്. റഷ്യൻ പൗരന്മാർക്കായി 30 ദിവസത്തെ സൗജന്യ ഇ-ടൂറിസ്റ്റ് വിസ, ഗ്രൂപ്പ് ടൂറിസ്റ്റ് വിസ സേവനങ്ങൾ ഉടൻ ആരംഭിക്കുമെന്നും പ്രധാനമന്ത്രി പ്രഖ്യാപിച്ചു. ഇന്ത്യ-റഷ്യ പങ്കാളിത്തത്തിന്റെ ശക്തവും പ്രധാനപ്പെട്ടതുമായ ഒരു സ്തംഭമാണ് ഊർജ്ജ സുരക്ഷയെന്ന് പറഞ്ഞ പ്രധാനമന്ത്രി യൂറിയ ഉൽപാദനത്തിൽ ഇരു രാജ്യങ്ങളും ഒരുമിച്ച് പ്രവർത്തിക്കുമെന്നും വ്യക്തമാക്കി.

❁❁❁❁❁❁❁❁❁❁❁❁❁

**PM PUTIN 2**

പ്രതിരോധം, വ്യാപാരം, സാമ്പത്തികം, ആരോഗ്യം, വിദ്യാഭ്യാസം, സംസ്കാരം തുടങ്ങി വിവിധ മേഖലകളിൽ ഇന്ത്യയും റഷ്യയും 16 ധാരണാപത്രങ്ങൾ കൈമാറി. 2030 വരെയുള്ള ഇന്ത്യ-റഷ്യ സാമ്പത്തിക സഹകരണത്തിനും ധാരണയായി. ഇന്ത്യ-റഷ്യ ബിസിനസ് ഫോറത്തിലും ഇരു നേതാക്കളും പങ്കെടുത്തു.

❁❁❁❁❁❁❁❁❁❁❁❁❁

**PUTIN 3**

റഷ്യൻ പ്രസിഡന്റ് വ്ളാഡിമിർ പുടിന് രാഷ്ട്രപതി ഭവനിൽ ഇന്ന് ഔദ്യോഗിക സ്വീകരണവും നൽകി. രാഷ്ട്രപതി ദ്രൗപദി മുർമുവും പ്രധാനമന്ത്രി നരേന്ദ്രമോദിയും ചേർന്നാണ് പുടിനെ സ്വീകരിച്ചത്. ആദരസൂചകമായി അദ്ദേഹത്തിന് ഗാർഡ് ഓഫ് ഓണറും നൽകി. രാജ്ഘട്ടിൽ രാഷ്ട്രപിതാവ് മഹാത്മാ ഗാന്ധിയ്ക്ക് പുടിൻ ആദരം അർപ്പിച്ചു. രാഷ്ട്രപതി ദ്രൗപദി മുർമു ഒരുക്കുന്ന ഔദ്യോഗിക വിരുന്നിലും അദ്ദേഹം ഇന്ന് പങ്കെടുക്കും

❁❁❁❁❁❁❁❁❁❁❁❁❁

**PARLIAMENT**

ശീതകാല സമ്മേളനത്തിന്റെ അഞ്ചാം ദിവസം നടപടിക്രമങ്ങൾ പൂർത്തിയാക്കി ഇരു സഭകളും ഇന്നത്തേക്ക് പിരിഞ്ഞു. ആരോഗ്യസുരക്ഷ ദേശീയ സുരക്ഷ സെസ് ബിൽ ലോക്സഭ ഇന്ന് പാസ്സാക്കി. പാൻമസാലയ്ക്കും, സമാനവിധത്തിൽ ഹാനികരമായ ഉത്പന്നങ്ങൾക്കും സെസ്സ് ഏർപ്പെടുത്താൻ ബിൽ വ്യവസ്ഥ ചെയ്യുന്നു. ഇതിൽ നിന്നും ലഭിക്കുന്ന തുക പൊതുജനാരോഗ്യത്തിനും, ദേശീയ സുരക്ഷയ്ക്കും വേണ്ടി ചിലവഴിക്കും. ആരോഗ്യത്തിന് ദോഷം ചെയ്യുന്ന വസ്തുക്കളുടെ ഉപഭോഗം നിരുത്സാഹപ്പെടുത്താനാണ് ബിൽ കൊണ്ടുവന്നതെന്ന് ധനമന്ത്രി നിർമല സീതാരാമൻ ലോക്സസഭയിൽ പറഞ്ഞു. 40

ശതമാനം ജി.എസ്.ടി യ്ക്ക് പുറമേയാണ് പാൻ മസാല ഉത്പന്നങ്ങൾക്ക് സെസ്സ് ഏർപ്പെടുത്തുന്നത്. പോക്സോ ഭേദഗതി (സ്വകാര്യ ) ബില്ല് ,2024 രാജ്യസഭ ചർച്ചയ്ക്കെടുത്തു. കഴിഞ്ഞ ബജറ്റ് സമ്മേളനത്തിൽ പാർലമെന്റ് അംഗമായ ഫൗസിയ ഖാൻ ആണ് ബില്ല് പരിഗണിക്കുന്നതിനുള്ള പ്രമേയം അവതരിപ്പിച്ചത്.

❁❁❁❁❁❁❁❁❁❁❁❁❁

**LS-ONE STOP CENTRE**

അക്രമത്തിനിരയാകുകയോ മറ്റ് ബുദ്ധിമുട്ടുകൾ നേരിടുകയോ ചെയ്യുന്ന സ്ത്രീകൾക്കായി സംയോജിത നിയമ പിന്തുണയും സഹായവും ലഭ്യമാക്കുന്നതിനായി 864 വൺ സ്റ്റോപ്പ് സെന്ററുകൾ പ്രവർത്തിക്കുന്നതായി കേന്ദ്ര സർക്കാർ. ഇത്തരം കേന്ദ്രങ്ങൾ, വൈദ്യസഹായം, താൽക്കാലിക അഭയം, കൗൺസിലിംഗ് തുടങ്ങിയവ നൽകുന്നതായും കേന്ദ്ര സഹമന്ത്രി സാവിത്രി താക്കൂർ ലോക്സഭയിൽ രേഖാമൂലം നൽകിയ മറുപടിയിൽ പറഞ്ഞു.

❁❁❁❁❁❁❁❁❁❁❁❁❁

**RS-VAISHNAW-RAIL**

രാജ്യത്ത് ട്രെയിൻ അപകടങ്ങൾ 90 ശതമാനം കുറഞ്ഞതായി കേന്ദ്ര റെയിൽവേ മന്ത്രി അശ്വിനി വൈഷ്ണവ്. അപകടങ്ങളുടെ മൂലകാരണങ്ങൾ കണ്ടെത്തി അവ കൈകാര്യം ചെയ്യുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ച് വരികയാണെന്നും രാജ്യസഭയിൽ ചോദ്യോത്തര വേളയിൽ അദ്ദേഹം പറഞ്ഞു. റെയിൽവേ ട്രാക്കിൽ ആനകളുമായി കൂട്ടിയിടിച്ചുണ്ടാകുന്ന അപകടങ്ങൾ തടയുന്നതിനുള്ള എഐ അധിഷ്ഠിത സംവിധാനം ഇതിനോടകം റെയിൽവേ സ്ഥാപിച്ചിട്ടുണ്ടെന്നും കേന്ദ്രമന്ത്രി പറഞ്ഞു.

❁❁❁❁❁❁❁❁❁❁❁❁❁

**DAY GUJARAT-AMIT SHAH**

ഗ്രാമീണ മേഖലയെ ശാക്തീകരിക്കാതെ വികസിത ഭാരതം എന്ന സ്വപ്നം യാഥാർത്ഥ്യമാകില്ലെന്ന് കേന്ദ്ര സഹകരണ മന്ത്രി അമിത്

ഷാ. ഗുജറാത്തിലെ ഗാന്ധിനഗറിൽ നടന്ന നബാർഡ്- IAMAI എർത്ത് സമ്മിറ്റ് 2025നെ അഭിസംബോധന ചെയ്യുകയായിരുന്നു കേന്ദ്രമന്ത്രി. സഹകരണ മേഖലയുടെ വളർച്ച ഗ്രാമീണ, കാർഷിക വികസനം ഉറപ്പാക്കുമെന്നും ശ്രീ ഷാ അഭിപ്രായപ്പെട്ടു.

❁❁❁❁❁❁❁❁❁❁❁❁❁

**RBI-REPO RATE**

ദ്വൈമാസ ധനനയം പ്രഖ്യാപിച്ച് റിസർവ് ബാങ്ക് ഓഫ് ഇന്ത്യ. റിപ്പോ നിരക്കിൽ 25 അടിസ്ഥാന പോയിന്റുകളുടെ കുറവ് വരുത്തി. ഇതോടെ റിപ്പോ നിരക്ക് 5.5 ൽ നിന്നും 5.25 ശതമാനമായി കുറഞ്ഞു. ഭവന, വാഹന വായ്പകളുടെ പലിശ നിരക്ക് ഇതിലൂടെ കുറയും . മുംബൈയിൽ നടന്ന ആർബിഐ ധന നയ സമിതി യോഗത്തിലാണ് തീരുമാനം.

❁❁❁❁❁❁❁❁❁❁❁❁❁

**FOREX RESERVES**

ഇന്ത്യയുടെ വിദേശനാണ്യ കരുതൽ ശേഖരം 1.8 ബില്യൺ യുഎസ് ഡോളർ കുറഞ്ഞ് 686.2 ബില്യൺ യുഎസ് ഡോളറിലെത്തിയതായി റിപ്പോർട്ട്. വിദേശ കറൻസി ശേഖരം 557 ബില്ല്യൺ യുഎസ് ഡോളറായും കുറഞ്ഞു. അതേസമയം സ്വർണ്ണ കരുതൽ ശേഖരം 1.6 ബില്യൺ യുഎസ് ഡോളർ ഉയർന്ന് 105.7 ബില്യൺ യുഎസ് ഡോളറിലെത്തി.

❁❁❁❁❁❁❁❁❁❁❁❁❁

**RIJIJU-WAQF PROPERTIES (INTRO)**

ഉമീദ് പോർട്ടലിൽ അടുത്ത മൂന്ന് മാസത്തിനിടെ രജിസ്റ്റർ ചെയ്യുന്നവരിൽ നിന്നും പിഴ ഈടാക്കില്ലെന്ന് കേന്ദ്ര ന്യൂനപക്ഷകാര്യ മന്ത്രി കിരൺ റിജിജു. ഒരു ലക്ഷത്തി 51,000 ലധികം വഖഫ് വസ്തുവകകൾ ഉമീദ് പോർട്ടലിൽ ഇതുവരെ രജിസ്റ്റർ ചെയ്തതായും ലക്ഷക്കണക്കിന് വസ്തുവകകൾ ഇനിയും രജിസ്റ്റർ ചെയ്യാനുണ്ടെന്നും അദ്ദേഹം പറഞ്ഞു. പോർട്ടലിൽ

വസ്തുവകകൾ രജിസ്റ്റർ ചെയ്യാൻ നിശ്ചയിച്ചിരുന്ന ആറ് മാസ സമയപരിധി ഇന്ന് അവസാനിക്കും.

(വോയിസ്)

❁❁❁❁❁❁❁❁❁❁❁❁❁

**DGCA-LEAVES**

വിമാന ജീവനക്കാരുടെ ഡ്യൂട്ടി സമയത്തിലെ നിബന്ധന ഡിജിസിഎ പിൻവലിച്ചു. ജീവനക്കാരുടെ സിക്ക് ലീവുകളും പ്രിവിലേജ് ലീവുകളും നിർബന്ധിത പ്രതിവാര വിശ്രമമായി കാണരുതെന്ന വ്യവസ്ഥയാണ് വ്യോമയാന ഡയറക്ടർ ജനറൽ പിൻവലിച്ചത്. കഴിഞ്ഞ ദിവസങ്ങളിലായി തൊഴിലാളികളുടെ ലഭ്യതക്കുറവുമൂലം വിവിധ വിമാനക്കമ്പനികൾ നേരിടുന്ന പ്രതിസന്ധികളുടെ പശ്ചാത്തലത്തിലാണ് പുതിയ തീരുമാനം. അതേസമയം ഇൻഡിഗോ എയർലൈൻസിന്റെ വിമാന സർവീസുകൾ കൂട്ടത്തോടെ റദ്ദാക്കിയതിന്റെ കാരണങ്ങൾ അവലോകനം ചെയ്യുന്നതിനായി കേന്ദ്രസർക്കാർ നാലംഗ സമിതി രൂപീകരിച്ചു. 15 ദിവസത്തിനുള്ളിൽ റിപ്പോർട്ട് സമർപ്പിക്കാൻ കമ്മിറ്റിക്ക് സർക്കാർ നിർദേശം നൽകി. വിഷയം ഇന്ന് പാർലമെന്റിലും ഉന്നയിക്കപ്പെട്ടു. ഇൻഡിഗോ വിമാന സർവീസുകൾ നേരിടുന്ന കാലതാമസവും റദ്ദാക്കലുകളും പരിഗണിച്ചു വ്യോമയാനമന്ത്രാലയത്തിനു കീഴിൽ പ്രവർത്തിക്കുന്ന കണ്ട്രോൾ റൂം നിരന്തര ജാഗ്രത പാലിക്കണമെന്ന് കേന്ദ്രമന്ത്രി രാം മോഹൻ നായിഡു നിർദേശിച്ചു. ഇൻഡിഗോ ആഭ്യന്തര വിമാന സർവ്വീസുകളുടെ റദ്ദാക്കലിന്റെയും വൈകലിന്റെയും പശ്ചാത്തലത്തിൽ തിരുവനന്തപുരം വിമാനത്താവളത്തിൽ കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.

❁❁❁❁❁❁❁❁❁❁❁❁❁

**ELECTION KERALA**

തദ്ദേശ തിരഞ്ഞെടുപ്പിന്റെ ഒന്നാംഘട്ടത്തിൽ വോട്ടെടുപ്പ് നടക്കുന്ന 7 ജില്ലകളിൽ പരസ്യപ്രചാരണം മറ്റന്നാൾ വൈകുന്നേരം 6 മണിക്ക് അവസാനിക്കും. തിരുവനന്തപുരം മുതൽ എറണാകുളം വരെയുള്ള ജില്ലകളിലാണ് ഈ മാസം 9ന് വോട്ടെടുപ്പ്. രണ്ടാം ഘട്ടത്തിൽ തൃശൂർ മുതൽ കാസർകോട് വരെയുള്ള ജില്ലകളിൽ 11നാണ് വോട്ടെടുപ്പ് . 13 നാണ് വോട്ടെണ്ണൽ.

❉❉❉❉❉❉❉❉❉❉❉❉❉

## SIR

തീവ്ര വോട്ടർ പട്ടിക പരിഷ്കരണം രണ്ടാംഘട്ടത്തിന്റെ ഭാഗമായി രാജ്യത്ത് ഇതുവരെ 50 കോടി 92 ലക്ഷത്തിലേറെ എന്യൂമറേഷൻ ഫോമുകൾ വിതരണം ചെയ്തതായി കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മിഷൻ. 47 കോടിയോളം ഫോമുകൾ ഡിജിറ്റൈസ് ചെയ്തതായും കമ്മിഷൻ വ്യക്തമാക്കി.

❉❉❉❉❉❉❉❉❉❉❉❉❉

## IND VS SA ODI

ഇന്ത്യ- ദക്ഷിണാഫ്രിക്ക ഏകദിന ക്രിക്കറ്റ് പരമ്പരയിലെ ഫൈനൽ മത്സരം നാളെ. ഉച്ചയ്ക്ക് 1.30ന് വിശാഖപട്ടണത്താണ് മത്സരം. ഓരോ മത്സരങ്ങൾ വീതം വിജയിച്ച ഇരുടീമുകൾക്കും നാളത്തെ മത്സരം നിർണായകമാണ്. ഇന്ത്യ-ദക്ഷിണാഫ്രിക്ക ടന്റി 20 പരമ്പര ഈ മാസം 9ന് ആരംഭിക്കും

❉❉❉❉❉❉❉❉❉❉❉❉❉

## MENS HOCKEY WORLD CUP

ജൂനിയർ പുരുഷ ഹോക്കി ലോകകപ്പ് ക്വാർട്ടർ ഫൈനലിൽ ഇന്ത്യ ഇന്ന് ബെൽജിയത്തെ നേരിടും. രാത്രി എട്ടു മണിക്ക് ചെന്നൈയിലാണ് മത്സരം.

❉❉❉❉❉❉❉❉❉❉❉❉❉

## PREZ-HANDICRAFTS AWARDS

2023, 2024 വർഷങ്ങളിലെ കരകൗശല അവാർഡുകൾ ഈ മാസം 9 ന് രാഷ്ട്രപതി ദ്രൗപദി മുർമു ന്യൂഡൽഹിയിൽ വിതരണം ചെയ്യും. ദേശീയ കരകൗശല വാരാഘോഷങ്ങളുടെ ഭാഗമായാണ് പരിപാടി സംഘടിപ്പിക്കുന്നത്.